യൂണിറ്റ് 2

വ്യാധികൾ പടരാതിരിക്കാൻ

ആമുഖം

ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് ശാസ്ത്രീയമായ കാഴ്ചപ്പാട് രൂപീകരിക്കുക എന്നതാണ് പാഠത്തിന്റെ മുഖ്യ ലക്ഷ്യം. ശരിയായ അറിവും പ്രതിരോധ മാർഗ്ഗങ്ങളും കൊണ്ട് രോഗങ്ങളെ അകറ്റിനിർത്താം. ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്. രോഗങ്ങളെ കുറിച്ചും രോഗപ്രതിരോധ മാർഗങ്ങളെക്കുറിച്ചും ഉള്ള അറിവ് ആരോഗ്യ സംരക്ഷണത്തിൽ പ്രധാന പങ്കു വഹിക്കുന്നു.വ്യക്തി ശുചിത്വം പാലിക്കുന്നതിനൊപ്പം തന്നെ സാമൂഹിക ശുചിത്വവും ഉറപ്പാക്കണം എന്ന കാഴ്ചപ്പാട് പഠിതാക്കൾക്ക് ബോധ്യപ്പെടുത്തുന്ന സന്ദർഭങ്ങൾ പാഠഭാഗത്ത് ഉൾചേർത്തിട്ടുണ്ട്..

പകർച്ചവ്യാധികൾ,രോഗകാരികൾ,രോഗാണുവാഹകർ,വ്യക്തി ശുചിത്വം , സാമൂഹിക ശുചിത്വം,രോഗപ്രതിരോധമാർഗ്ഗങ്ങൾ തുടങ്ങിയവയാണ് ഈ പാഠത്തിലെ പ്രധാന ആശയങ്ങൾ. രോഗാണുവാഹകർ പെരുകുന്നത് തടഞ്ഞാൽ പകർച്ചവ്യാധികളെ നിയന്ത്രിക്കാം എന്നതിനാൽ പരിസര ശുചീകരണം സ്വന്തം ഉത്തരവാദിത്വമാണെന്ന ബോധം പഠിതാക്കളിൽ ഉണ്ടാക്കാൻ പാഠം അവസരം ഒരുക്കുന്നു. ശാസ്ത്രീയ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ പ്രചാരകരായി കുട്ടികൾ മാറണം.പ്രതിരോധ വാക്സിനുകൾ അതാതു കാലയളവുകളിൽഎടുക്കേണ്ടതിന്റെ ആവശ്യകതയും അല്ലാത്തപക്ഷം നേരിടേണ്ടിവരുന്ന ദൂഷ്യഫലങ്ങളെ കുറിച്ചുള്ള അറിവും എല്ലാ കുട്ടികളിലും അതുവഴി സമൂഹത്തിലാകെയും വ്യാപിക്കാൻ പാഠ വിനിമയം ഉതകും.

പഠനലക്ഷ്യങ്ങൾ

- നിരീക്ഷണം,വിവരശേഖരണം,വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പകരുന്നവ പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്താൻ കഴിയുന്നു..
- നിരീക്ഷണം,വിവരശേഖരണം എന്നിവയിലൂടെസൂക്ഷ്മാണുക്കളിൽ ഉപകാരികളും ഉപദ്രവകാരികളും ഉണ്ടെന്ന ഉണ്ടെന്ന സാമാന്യവത്കരണത്തിൽ എത്തിച്ചേരാൻ കഴിയുന്നു...
- വിവരശേഖരണം,അപഗ്രഥനം എന്നിവയിലൂടെ രോഗങ്ങൾ പകരുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ വിശദീകരിക്കാൻ കഴിയുന്നു..
- നിരീക്ഷണം, വിശകലനം എന്നിവയിലൂടെ രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും നിർമ്മാർജ്ജന മാർഗങ്ങൾ സ്വീകരിക്കുന്നതിനും കഴിയുന്നു
- വിവരശേഖരണം,വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പ്രതിരോധിക്കാനും ചെറുക്കാനും ഉള്ള മാർഗങ്ങളെക്കുറിച്ച് വിശദീകരിക്കാനുംരോഗപ്രതിരോധത്തിന് ആരോഗ്യവകുപ്പ് നൽകുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുകയും ചെയ്യുന്നു..

Draft

ആശയങ്ങൾ	ശേഷികൾ/ നൈപുണികൾ	മൂല്യം മനോഭാവം	പഠനപ്രവർത്തനങ്ങൾ പ്രക്രിയ സാധ്യതകൾ	സാമഗ്രികൾ/ICT	വിലയിരുത്തല് (പ്രക്രിയ, പഠനതെളിവ്, ഉല്പ്പന്നങ്ങള്
വിവിധതരം രോഗങ്ങൾ	വിശകലനം വർഗീകരണം		കാർട്ടൂൺ - സംഭാഷണ വിശകലനം, ചർച്ച, പട്ടികപ്പെടുത്തൽ (പകരുന്ന രോഗങ്ങൾ പകരാത്ത രോഗങ്ങൾ) വായനക്കുറിപ്പ്	പകർച്ചവ്യാധികളുടെ പേപ്പർ കട്ടിങ്ങുകൾ	പൂർത്തിയാക്കിയ പട്ടിക ചര്ച്ചയിലെ പങ്കാളിത്തം
രോഗം ഉണ്ടാക്കുന്ന സൂക്ഷ്മജീവികൾ.	നിരീക്ഷണം വർഗീകരണം സാമാന്യവൽക്കരണം	സൂഷ്മജീവികളിലും ഉപകാരികളുണ്ടെന്ന് തിരിച്ചറിഞ്ഞ് അവയും ജീവന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന മനോഭാവം രൂപപ്പെടുന്നു	നിരീക്ഷണം വായന കുറിപ്പ് വിശകലനം ചർച്ച	സൂക്ഷ്മജീവകൾ വീഡിയോ,വീഡിയോ ലിങ്കുകൾ, ക്രോഡീകരണ ചാർട്ടുകൾ,	നിരീക്ഷണക്കുറിപ്പ് ചര്ച്ചയിലെ പങ്കാളിത്തം ചർച്ചാ കുറിപ്പ്
സൂക്ഷ്മജീവികൾ നമുക്ക് ഏറെ പ്രയോജനങ്ങൾ ചെയ്യുന്നു.	നിരീക്ഷണം സാമാന്യവൽക്കരണം		ചിത്ര നിരീക്ഷണം പരിസര നിരീക്ഷണം ചർച്ച	ചത്തതോ ജീർണ്ണനുംനടക്കുന്നതോ ആയ ജീവിയുടെ ചിത്രം, മിത്രങ്ങളായ സൂക്ഷ്മജീവികൾ- വീഡിയോ ലിങ്ക്	ചര്ച്ചയിലെ പങ്കാളിത്തം ചർച്ചാ കുറിപ്പ്
രോഗം പകരുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ രോഗം പരത്തുന്ന ജീവികൾ (രോഗാണു വാഹകർ)	നിരീക്ഷണം, ദത്തശേഖരണം ദത്തവിശകലനം വർഗീകരണം നിഗമനത്തിലെത്തൽ	പകർച്ചവ്യാധികൾ പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക	ചിത്രീകരണ നിരീക്ഷണം ചർച്ച ആശയ ചിത്രീകരണം പൂർത്തിയാക്കൽ വായന കുറിപ്പ്(രോഗാണു വാഹകർ		പൂർത്തീകരി ച്ച ആശയ ചിത്രീകരണം. ചര്ച്ചയിലെ പങ്കാളിത്തം ചർച്ച കുറിപ്പ്
രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ	നിരീക്ഷണം ദത്തങ്ങൾ ശേഖരിക്കൽ, രേഖപ്പെടുത്തൽ വിശകലനം ചെയ്യൽ	രോഗാണു വാഹകരായ ജീവികളെ അകറ്റി നിർത്തു ന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക	ചിത്ര നിരീക്ഷണം ചർച്ച പട്ടിക പൂർത്തിയാക്കൽ	ക്രോഡീകരണ ചാർട്ടുകൾ ചിത്രങ്ങൾ (രോഗാണു വാഹകർ) മലിനമായ പരിസരം കാണിക്കുന്ന ചിത്രങ്ങൾ വീഡിയോകൾ	ചർച്ചയിലെ പങ്കാളിത്തം നിരീക്ഷണ കുറിപ്പ് പൂർത്തിയാക്കിയ പട്ടിക ചർച്ച കുറിപ്പ്
കൊതുക് പെരുകുന്നത് തടയാനുള്ള മാർഗങ്ങളും കൊതുക് കടിയിൽ നിന്നും നിന്നും രക്ഷ നേടാനുള്ള മുൻകരുതലുകളും	പ്രശ്നപരിഹാരം കണ്ടെത്തൽ തീരുമാനമെടുക്കൽ നിഗമനത്തിൽ എത്തൽ	പരിസര ശുചിത്വം പാലിക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക	കാർട്ടൂൺ സംഭാഷണ വിശകലനം, ചർച്ച	ക്രോഡീകരണ ചാർട്ട് ചിത്രങ്ങൾ വീഡിയോ പത്ര കട്ടിങ്ങുകൾ ക്രോഡീകരണ ചാർട്ട് ചിത്രീകരണങ്ങൾ	വിശകലന റിപ്പോർട്ട് ചർച്ച കുറിപ്പുകൾ പരിസരശുചീകരണ പ്രവര്ത്തനങ്ങളിലെ പങ്കാളിത്തം
ആഹാരം, ,ജലം, വായു, മണ്ണ്, സമ്പർക്കം എന്നിവയിലൂടെ പകരുന്ന രോഗങ്ങൾ പിടിപെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	പട്ടിക വിശകലനം തീരുമാനമെടുക്കൽ	രോഗങ്ങൾ പിടിപെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പാലിക്കുക	ഗ്രൂപ്പ് ചർച്ച അവതരണം പട്ടിക വിശകലനം	കാർട്ടൂൺ ഗ്രൂപ്പ് ചർച്ച അവതരണം പട്ടിക വിശകലനം പത്ര കട്ടിങ്ങുകൾ ചിത്രങ്ങൾ	പോസ്റ്ററുകൾ(പരിസര ശുചിത്വം) ഗ്രൂപ്പ് ചർച്ചകളിലെ പങ്കാളിത്തം ചർച്ചാ കുറിച്ച്
പകർച്ചവ്യാധികൾ ജന്തുക്കൾക്കും സസ്യങ്ങൾക്കും	നിരീക്ഷണം		പത്രവാർത്ത ചിത്ര നിരീക്ഷണം (രോഗം ബാധിച്ച ജന്തുക്കൾ സസ്യങ്ങൾ) പരിസര നിരീക്ഷണം, ചർച്ച	- രോഗം ബാധിച്ച ജന്തുക്കൾ സസ്യങ്ങൾ പകർച്ചവ്യാധികൾ ബാധിച്ച സസ്യ ഭാഗങ്ങൾ	ചർച്ചയിൽ രൂപപ്പെട്ട പട്ടിക
ശുചിത്വ ശീലങ്ങൾ	തീരുമാനമെടുക്കൽ	ആരോഗ്യകരമായ ജീവിതത്തിന് വ്യക്തി ശുചിത്വം പാലിക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക	ശുചിത്വ ശീലങ്ങൾ ചിത്രങ്ങൾ,നിരീക്ഷണം, ശുചിത്വ ശീലങ്ങൾ - വിശകലനം പൊതു ചർച്ച	ശുചിത്വ ശീലങ്ങൾ ചാർട്ട്, ചിത്രങ്ങൾ, വീഡിയോകൾ ശുചിത്വ ശീലങ്ങൾ (കാർട്ടൂൺ)	ചെക്ക് ലിസ്റ്റ് പോസ്റ്ററുകൾ(വ്യക്തി ശുചിത്വം, പരിസരശുചിത്വം) ചർച്ച കുറിപ്പുകൾ
സ്വാഭാവികരോഗപ്രതിരോധ ശേഷി. ആർജിത രോഗ പ്രതിരോധശേഷി പ്രതിരോധ വാക്സിനുകൾ	വായനാ കുറിപ്പ് വിശകലനം വിവരശേഖരണം കാർട്ടൂൺ വിശകലനം വാക്സിനേഷൻ ചാർട്ട് വിശകലനം \	രോഗപ്രതിരോ ധത്തിന് ആരോഗ്യ വകുപ്പിന്റെ സേവനങ്ങൾ പ്രയോജന പ്പെടുത്താനുള്ള മനോഭാവം	ചർച്ച, വായനാ കുറിപ്പ് (രോഗപ്രതിരോധശേഷി) കാർട്ടൂൺ വിശകലനം ചർച്ച,പ്രതിരോധ വാക്സിനുകൾ ചിത്രീകരണ വിശകലനം ചർച്ച ആരോഗ്യ പ്രവർത്തകരുമായുള്ള അഭിമുഖ ചോദ്യാവലി തയ്യാറാക്കൽ പ്രതിരോധ വാക്സിനുകൾ ചാർട്ട് പൂർത്തിയാക്കൽ പകർച്ചവ്യാധികളെപ്രതിരോധി ക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അവതരണം	ആരോഗ്യ വകുപ്പിന്റെ ലഘുലേഖകൾ ആരോഗ്യ വകുപ്പിന്റെ വാക്സിനേഷൻ ചാർട്ട് അഭിമുഖ ചോദ്യാവലി	അഭിമുഖ സംഭാഷണ രേഖപ്പെടുത്തൽ പൂർത്തിയാക്കിയ പട്ടിക(എന്റെപ്രതിരോധ വാക്സിനുകൾ) ചർച്ചയിലെപങ്കാളിത്തം പ്രതിരോധ വാക്സിനുകളടെ ബോധവൽക്കരണ പോസ്റ്ററുകൾ, കാർട്ടൂൺ ബോധവൽക്കരണ പ്രവർത്തനങ്ങളിലെ ങ്കാളിത്തം

Draft

മൊഡ്യൂൾ 1

പീരിയഡ്- 3

പഠന ലക്ഷ്യങ്ങൾ

- നിരീക്ഷണം,വിവരശേഖരണം,വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പകരുന്നവ പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്താൻ കഴിയുന്നു.
- നിരീക്ഷണം,വിവരശേഖരണം,വിശകലനം എന്നിവയിലൂടെ സൂക്ഷ്മ ജീവികളിൽ ഉപകാരികളും ഉപദ്രവകാരികളും ഉണ്ടെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.

മുന്നറിവ്

- ജലദോഷം,പനി തുടങ്ങിയ രോഗങ്ങൾ എല്ലാവർക്കും വരാറുള്ളത് കുട്ടികൾക്ക് അറിയാം.
- ചില രോഗങ്ങൾ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരാറുണ്ട് എന്ന് മനസ്സിലാക്കിയിട്ടുണ്ട്.
- തിളപ്പിച്ചാറിയ ജലം കുടിക്കുകയും ആഹാരസാധനങ്ങൾ അടച്ചു സൂക്ഷിക്കുകയും ചെയ്യേണ്ടതാണ് എന്ന് മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്.

ആശയങ്ങൾ

- പകരുന്നവയും പകരാത്തവയുമായ രോഗങ്ങളുണ്ട്.
- രോഗം ഉണ്ടാക്കുന്നത് സൂക്ഷ്മജീവികളാണ്.
- സൂക്ഷ്മജീവികൾ നമുക്ക് ഏറെ പ്രയോജനങ്ങൾ ചെയ്യുന്നു.

ശേഷികൾ/നൈപുണികൾ

- വിശകലനം : കാർട്ടൂൺ സംഭാഷണം വിശകലനം
- വർഗീകരണം : രോഗങ്ങൾ പകരുന്നവ പകരാത്തവ എന്നിങ്ങനെ വർഗീകരിച്ച് പട്ടികപ്പെടുത്തുന്നു.
- സാമാന്യവത്കരണം : പകരുന്നവയും പകരാത്തവയുമായ രോഗങ്ങളുണ്ട്. പകർച്ചവ്യാധികൾക്ക് കാരണം സൂക്ഷ്മജീവികൾ ആണെങ്കിലും എല്ലാ സൂക്ഷ്മജീവികളും രോഗകാരികളല്ല .നമുക്ക് ഉപകാരികളായ ധാരാളം സൂക്ഷ്മജീവികളും ഉണ്ട്.

മൂല്യം / മനോഭാവം

- സൂഷ്മജീവികളിലും ഉപകാരികളുണ്ടെന്ന് തിരിച്ചറിഞ്ഞ് അവയും ജീവൻറെ നിലനിൽപ്പിന് ആവശ്യമാണെന്ന മനോഭാവം രൂപപ്പെടുന്നു.

ആവശ്യമായ സാമഗ്രികൾ

പകർച്ചവ്യാധികളുടെ പേപ്പർ കട്ടിങ്ങുകൾ

സൂക്ഷ്മജീവികൾ വീഡിയോ

ക്രോഡീകരണ ചാർട്ടുകൾ

പകർച്ചവ്യാധികൾ വീഡിയോ ലിങ്കുകൾ

ചത്തതോ ജീർണ്ണിക്കുന്നതോ ആയ ജീവിയുടെ ചിത്രം

ഹാൻഡ് ലെൻസ്

റൊട്ടിപ്പൂപ്പൽ

മിത്രങ്ങളായ സൂക്ഷ്മജീവികൾ വീഡിയോ ലിങ്ക്

ഉൽപ്പന്നങ്ങൾ

രോഗങ്ങൾ തരംതിരിച്ച് എഴുതിയ പട്ടിക

ചർച്ചാ കുറിപ്പ്

അറിവു നിർമ്മാണ ഘട്ടത്തിലൂടെയുള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ നോട്ടുബുക്ക്

പഠന പ്രവർത്തനങ്ങൾ

പ്രവർത്തനം 1

കുട്ടികൾക്ക് വന്നിട്ടുള്ള രോഗങ്ങളെ കുറിച്ച് ചർച്ച നടത്തി പാഠം ആരംഭിക്കാവുന്നതാണ്. തുടർന്ന്

പാഠപുസ്തകത്തിലെ ചിത്രീകരണം 2.1 നിരീക്ഷിച്ച് വിശകലനം നടത്താം.

സംഭാഷണം വിപുലപ്പെടുത്തി റോൾപ്ളെ ആസൂത്രണം ചെയ്യാവുന്നതാണ്.

നമ്മുടെ നാട്ടിൽ സാധാരണ കണ്ടുവരാറുള്ള രോഗങ്ങളുടെ പേരുകൾ കുട്ടികൾ എഴുതട്ടെ .

ഈ ലിസ്റ്റിൽ നിന്നും രണ്ട് രോഗങ്ങൾ എടുത്ത് (പകരുന്നതും പകരാത്തതുമായ ഓരോ രോഗങ്ങൾ കുട്ടി തിരഞ്ഞെടുക്കാൻ അധ്യാപിക ശ്രദ്ധിക്കണം) രോഗലക്ഷണങ്ങൾ കുട്ടി എഴുതട്ടെ.

ഇവയിൽ ഏതു രോഗമാണ് തൊട്ടടുത്ത ആൾക്ക് വരാൻ സാധ്യതയുള്ളത്?

അതെന്തുകൊണ്ടാണ്? തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ചർച്ച നടത്തുക.

കുട്ടികൾ എഴുതിയ എല്ലാ രോഗങ്ങളെയും പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ രണ്ട് കൂട്ടങ്ങൾ ആക്കാൻ ആവശ്യപ്പെടുക.

ക്ലാസിൽ അവതരണം, വിലയിരുത്തൽ, കൃത്യതപ്പെടുത്തിയ പട്ടിക രൂപീകരിക്കൽ എന്നിവ നടക്കണം. അതിനായി താഴെയുള്ള പട്ടികയും പ്രയോജനപ്പെടുത്തുക.

വിലയിരുത്തൽ

പകരുന്ന രോഗങ്ങൾ പകരാത്ത രോഗങ്ങൾ എന്നിങ്ങനെ രണ്ട് കൂട്ടങ്ങളാക്കാൻ നേരിട്ട പ്രയാസങ്ങൾ?

തരം തിരിച്ചത് പൂർണ്ണമാണോ ഭാഗികമാണോ ?

ടീച്ചർ അറിയാൻ

പനി ഒരു രോഗമല്ല ഒട്ടേറെ രോഗങ്ങളുടെ ലക്ഷണം ആണ്.

പകരുന്ന രോഗങ്ങൾ	പകരാത്ത രോഗങ്ങൾ
ചിക്കൻപോക്സ്	ക്യാൻസർ
ഡെങ്കിപ്പനി	പ്രമേഹം
മഞ്ഞപ്പിത്തം	ഹൃദ്രോഗങ്ങൾ
ചിക്കുൻഗുനിയ	കിഡ്നി സ്റ്റോൺ
കോളറ	തിമിരം
ടൈഫോയിഡ്	ഹൈപ്പർ ടെൻഷൻ (രക്താതിസമ്മർദ്ദം)
ക്ഷയം	അപസ്മാരം
മീസിൽസ്	ആസ്മ

Draft

ചെങ്കണ്ണ്	ഗ്യാസ്ട്രബിൾ
എലിപ്പനി	മാനസിക രോഗങ്ങൾ
മലേറിയ	ശ്വാസകോശ രോഗങ്ങൾ
എയിഡ്സ്	അൽഷിമേഴ്സ്

ക്രോഡീകരണം

ഒരാളിൽനിന്ന് മറ്റുള്ളവരിലേക്ക് പകരുന്ന രോഗങ്ങളാണ് പകർച്ചവ്യാധികൾ എന്ന ക്രോഡീകരണത്തിൽ എത്തിച്ചേരുന്നു.

പ്രവർത്തനം 2

രോഗകാരികൾ

രോഗങ്ങൾ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുന്നതിന്റെ കാരണക്കാർ ആരാണ്?

അവയെ നമുക്ക് കാണാൻ സാധിക്കുമോ?

തുടങ്ങിയ പ്രശ്ങ്ങൾ ഉന്നയിക്കാവുന്നതാണ്. സൂഷ്മജീവികളുടെ ചിത്രങ്ങൾ, വീഡിയോകൾ എന്നിവ പ്രദർശിപ്പിച്ചു കൊണ്ട് ക്ലാസ് ആരംഭിക്കാവുന്നതാണ്. വളരെ ചെറിയ ഒരു സ്ഥലത്ത് ഉൾക്കൊള്ളുന്ന സൂക്ഷ്മജീവികളുടെ എണ്ണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ശ്രദ്ധിക്കുക. ഒരാളിൽ നിന്ന് മറ്റുള്ളവരിലേക്ക് പകരുന്ന രോഗങ്ങളാണ് പകർച്ചവ്യാധികൾ എന്നും മിക്ക പകർച്ചവ്യാധികൾക്കും കാരണം ബാക്ടീരിയ, വൈറസ്, ഫംഗസ് തുടങ്ങിയവയാണെന്നുമുള്ള തിരിച്ചറിവിൽ എത്തിക്കുന്നതായിരിക്കണം വിശകലന ചർച്ചകൾ.

ടീച്ചർ അറിയാൻ

രോഗകാരികൾ	രോഗങ്ങൾ
ബാക്ടീരിയ	കോളറ, കുഷ്ഠം, ക്ഷയം, മീസിൽസ്, ടെറ്റനസ്, വില്ലൻ ചുമ, ടോൺസ് ലൈറ്റിസ്, ആന്ത്രാക്സ്, പ്ലേഗ്. ന്യൂമോണിയ
വൈറസ്	കോവിഡ് 19, പോളിയോമൈലൈറ്റിസ്, മുണ്ടിനീര്, ചിക്കൻ പോക്സ് , ഡങ്കിപ്പനി, ചിക്കൻഗുനിയ, ഹെപ്പറ്റൈറ്റിന് (മഞ്ഞപ്പിത്തം), പക്ഷിപ്പനി , അഞ്ചാംപനി , മീസിൽസ് , പേവിഷബാധ, എയ്ഡ്സ്.
ഫംഗസ്	വട്ടച്ചൊറി, കാൻഡിഡിയാസിസ്, ഹിസ്റ്റോപ്ലാസ്മോസിസ്, അസ്പർജി ല്ലോസിസ്(ശ്വാസകോശ രോഗം)

പ്രവർത്തനം 3

സൂക്ഷ്മജീവികൾക്കൊപ്പം.

ചത്ത ജീവിയുടെ ചിത്രമോ വീഡിയോയോ കാണിച്ചുകൊണ്ട്,

മൃതശരീരം ഇങ്ങനെ കിടന്നാൽ നാം നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം എന്ന പ്രശ്നം കുട്ടിക്ക് മുമ്പിൽ അവതരിപ്പിക്കാവുന്നതാണ്.

കുറേ ദിവസങ്ങൾക്കു ശേഷം ഈ മൃത ശരീരത്തിന് വരുന്ന മാറ്റം എന്താണ്?

ഈ മാറ്റങ്ങൾക്ക് കാരണക്കാർ ആരായിരിക്കാം?

കുട്ടികളുടെ ഊഹത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്തുക.

സൂക്ഷ്മജീവികളിൽ ഉപകാരികളുമുണ്ട് എന്ന നിഗമനത്തിലേക്ക് നയിക്കുന്നതാവണം ചർച്ച. പാഠപുസ്തകത്തിലെ സൂക്ഷ്മജീവികൾ ഉപകാരികളാകുന്ന സന്ദർഭങ്ങളായ ദോശമാവ് പുളിക്കൽ വസ്തുക്കളുടെ ജീർണ്ണനം തുടങ്ങിയ പ്രതിഭാസങ്ങൾ ചർച്ച ചെയ്യുക.ദോശമാവ് പുളിക്കുന്നത്

Draft

ചില ബാക്ടീരിയകൾ കാരണമാണ് എന്നാൽ പുളിക്കലിന്റെ വേഗത കൂട്ടുന്നതിനായി നാം മാവിൽ ചേർക്കുന്ന യീസ്റ്റ് ഒരു ഫംഗസ് ആണെന്ന കാര്യവും ചർച്ചയിൽ ഉൾപ്പെടുത്താവുന്നതാണ്. ഹാൻഡ് ലെൻസ് ഉപയോഗിച്ച് റൊട്ടിപ്പൂപ്പലിന് കാരണമായ ഫംഗസുകളെ നിരീക്ഷിക്കാൻ കുട്ടിക്ക് അവസരം നൽകാവുന്നതാണ്.

മിത്രങ്ങളായ സൂക്ഷ്മ ജീവികളുടെ വീഡിയോ നിരീക്ഷണത്തിനുള്ള അവസരം ഒരുക്കാവുന്നതാണ്.

പാഠ പുസ്തകത്തിലെ സൂഷ്മ ജീവികൾക്കൊപ്പം എന്ന ഭാഗത്തിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ സൂഷ്മജീവികൾ നമുക്ക് എങ്ങനെയെല്ലാം ഉപകാരികളാകുന്നു എന്നൊരു കുറിപ്പ് തയ്യാറാക്കാവുന്നതാണ്.

കോഡീകരണം

സൂക്ഷ്മജീവികളിൽ നല്ല ഒരു വിഭാഗവും പ്രകൃതിക്കും മനുഷ്യനും ഉപകാരികളാണ്.

വിലയിരുത്തൽ

സൂക്ഷ്മജീവികൾ ഉപകാരികളാകുന്ന ഏതെല്ലാം സന്ദർഭങ്ങൾ കുട്ടി കണ്ടെത്തിയിട്ടുണ്ട്?

Draft

ടീച്ചർ അറിയാൻ

സൂക്ഷ്മ ജീവികൾഉപകാരികൾ ആകുന്ന സന്ദർഭങ്ങൾ

അന്തരീക്ഷ നൈട്രജനെ സസ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ലവണങ്ങൾ ആക്കി മണ്ണിൽ ചേർക്കുന്നു. ആൻറിബയോട്ടിക്ക് മരുന്നുകൾ നിർമിക്കാനും ബാക്ടീരിയകളെ പ്രയോജനപ്പെടുത്തുന്നു. ചില പ്രത്യേക തരം കീടങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷിക്കാനോ ചില പ്രത്യേക കാലാവസ്ഥ മാറ്റങ്ങളെ അതിജീവിക്കാനോ കഴിവുള്ള ബി ടി വിളകൾ വികസിപ്പിച്ചെടുക്കാൻ ബാസിലസ് തുറിൻജിയൻസിസ് എന്ന ബാക്ടീരിയ കളെ ഉപയോഗപ്പെടുത്തുന്നുണ്ട്.ബി.ടി പരുത്തി,ബി.ടി വഴുതന, ബി. ടി ചോളം എന്നിവയെല്ലാം ബി.ടി വിളകളാണ് .

മൊഡ്യൂൾ രണ്ട് പീരിയഡ് 4

പഠന ലക്ഷ്യം

- വിവരശേഖരണം,അപഗ്രഥനം എന്നിവയിലൂടെ രോഗങ്ങൾ പകരുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.

മുന്നറിവ്

- പകർച്ചവ്യാധികൾക്ക് കാരണം സൂക്ഷ്മജീവികളാണ്.
- രോഗമുള്ളവരുമായി അടുത്തിടപഴകിയാൽ നമുക്കും രോഗങ്ങൾ പിടിപെടാനുള്ള സാധ്യത കൂടുതലാണ്.
- ഭക്ഷണസാധനങ്ങൾ അടച്ച് സൂക്ഷിക്കേണ്ടതാണെന്ന് കുട്ടിക്കറിയാം.
- കൊതുക് കടിച്ചാൽ ചില രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്.
- പക്ഷികൾ കടിച്ചിട്ടപഴങ്ങൾ തിന്നാൻ പാടില്ല.

ആശയങ്ങൾ

രോഗം പകരുന്നത് വ്യത്യസ്ത മാർഗ്ഗങ്ങളിൽ കൂടിയാണ് .

രോഗം പരത്തുന്ന ജീവികൾ ആയ ഈച്ച,കൊതുക്,വവ്വാൽ,എലിചെള്ള്, മനുഷ്യൻ തുടങ്ങിയവരെല്ലാം രോഗാണു വാഹകരാണ്.

ശേഷികൾ/നൈപുണികൾ

ചിത്രനിരീക്ഷണം,

വിശകലനം:ചിത്രീകരണം 2.2

- ദത്ത വിശകലനം:രോഗകാരികളായ സൂക്ഷ്മജീവികൾ മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്ന മാർഗങ്ങൾ

വർഗീകരണം:

- സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധവും രോഗങ്ങളും ആശയപടം പൂർത്തിയാക്കൽ

നിഗമനത്തിലെത്തൽ:

- സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്നത് മണ്ണ്, വായു,ജലം, ഭക്ഷണം എന്നിവ വഴിയാണ്. കൂടാതെ രോഗകാരികളായ സൂക്ഷ്മജീവികളെ നമ്മുടെ ശരീരത്തിലേക്ക് എത്തിക്കുന്ന ചില ജീവികളും ഉണ്ട്. ഇവയെ രോഗാണുവാഹകർ എന്ന് പറയുന്നു. കൊതുക് ഈച്ച വവ്വാൽ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും

ആവശ്യമായ സാമഗ്രികൾ

ക്രോഡീകരണ ചാർട്ടുകൾ- സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധവും രോഗങ്ങളും,

ചിത്രങ്ങൾ,വീഡിയോകൾ -രോഗാണു വാഹകർ

ആരോഗ്യവകുപ്പിന്റെ ലഘുലേഖകൾ

ഉത്പന്നങ്ങൾ

ചർച്ച കുറിപ്പ്

പൂർത്തിയാക്കിയ ആശയ ചിത്രീകരണം

അറിവ് നിർമ്മാണ ഘട്ടത്തിലൂടെയുള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ നോട്ടുബുക്ക്

പ്രവർത്തനം 1

വായു,മണ്ണ്,ഭക്ഷണം എന്നിവയിലൂടെ രോഗങ്ങൾ പകരുന്ന സാഹചര്യങ്ങൾ ഉൾപ്പെടുത്തിയുള്ള വീഡിയോകൾ,ചിത്രീകരണം 2.2 എന്നിവ നിരീക്ഷിക്കാൻ അവസരം നൽകാവുന്നതാണ്.ശേഷം ഒരു പൊതു ചർച്ച നടത്താവുന്നതാണ്.

ചർച്ചാ സൂചകങ്ങൾ:

ഏത് സാഹചര്യത്തിലാണ് നാം മാസ്ക് ധരിക്കുന്നത്?

ഭക്ഷണസാധനങ്ങളിൽ കൂടി രോഗങ്ങൾ പകരുന്നത് എങ്ങനെ ?

മണ്ണിൽ കളിച്ച ശേഷം കൈകൾ സോപ്പിട്ട് കഴുകുന്നതെന്തിന്?

തിളപ്പിച്ചാറിയ ജലം കുടിക്കുന്നത് എന്തിന് ?

മണ്ണ്,വായു,ജലം,ഭക്ഷണം എന്നിവയിലൂടെ രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്ന മാർഗങ്ങളുടെ രേഖപ്പെടുത്തൽ, അവതരണം, വിലയിരുത്തൽ, കൃത്യതപ്പെടുത്തിയ കുറിപ്പുകൾ തയ്യാറാക്കൽ എന്നിവ നടക്കണം.

ടീച്ചർ അറിയാൻ

സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധവും രോഗങ്ങളും

ശരീരത്തിൽ പ്രവേശിക്കുന്ന വിധം	രോഗങ്ങൾ

Draft

മണ്ണിലൂടെ	വിരശല്യം ടെറ്റനസ് ഹെൽമിൻതിയാസിസ്
വായുവിലൂടെ	ക്ഷയം മീസിൽസ് ചിക്കൻപോക്സ് കോവിഡ് 19 ഇൻഫ്ലുവൻസ
ജലവും ഭക്ഷണവും വഴി	ടൈഫോയിഡ് വയറിളക്കം കോളറ പോളിയോ

രോഗാണു വാഹകർ

കൊതുക്, ഈച്ച, പക്ഷികൾ തുടങ്ങിയ ജീവികൾ പരത്തുന്ന രോഗങ്ങളുടെ പത്രവാർത്തകൾ,വീഡിയോകൾ,ആരോഗ്യവകുപ്പിന്റെ ലഘുലേഖകൾ ക്ലാസിൽ പ്രദർശിപ്പിക്കാവുന്നതാണ്.

ഇവയിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും കുട്ടിയുടെ മുന്നറിവിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും രേഖപ്പെടുത്തലുകൾ നടത്താവുന്നതാണ്.ശേഷം ക്ലാസ്സിൽ ഒരു പൊതു ചർച്ചക്ക് അവസരം ഒരുക്കാവുന്നതാണ്.

ചർച്ചാ സൂചകങ്ങൾ

കൊതുക് കടിക്കുമ്പോൾ രോഗങ്ങൾ പിടിപെടാനുള്ള സാധ്യതകൾ.

കൊതുക് മൂലം പകരുന്ന രോഗങ്ങൾ.

ചെങ്കണ്ണ് ബാധിച്ചവർ ഉപയോഗിച്ച ടൗവ്വൽ ഉപയോഗിച്ചാലുള്ള ദോഷം .

പക്ഷികൾ കടിച്ചിട്ട പഴങ്ങൾ കഴിക്കാൻ പാടില്ല. എന്തുകൊണ്ട്?

രോഗകാരികളായ സൂക്ഷ്മജീവികളെ നമ്മുടെ ശരീരത്തിൽ എത്തിക്കുന്നതിൽ ഈച്ച,കൊതുക്, വവ്വാൽ,പക്ഷികൾ,മനുഷ്യർ എന്നിവർക്കുള്ള പങ്കും ഇവർ പരത്തുന്ന രോഗങ്ങളും ക്ലാസിൽ ക്രോഡീകരിക്കാവുന്നതാണ്.

ടീച്ചർ അറിയാൻ

രോഗാണു വാഹകർ	രോഗങ്ങൾ
കൊതുക്	ഡെങ്കിപ്പനി മന്ത് ചിക്കൻഗുനിയ മലേറിയ മഞ്ഞപ്പനി(Yellow fever) സിക പനി(Zika fever)

Draft

ഈച്ച	ടൈഫോയ്ഡ് ഡിസന്ററി കോളറ
മനുഷ്യൻ	കുഷ്ഠം ചെങ്കണ്ണ് എയ്ഡ്സ്
പക്ഷികൾ	പക്ഷിപ്പനി ഹിസ്റ്റോപ്ലാസ്മോസിസ് ഓർണിത്തോസിസ്
എലി,എലി ചെള്ള്	ലെപ്റ്റോസ്പൈറോസിസ് പ്ലേഗ് ടൈഫസ്

തുടർന്ന് പാഠപുസ്തകത്തിലെ സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധവും രോഗങ്ങളും എന്ന ആശയ ചിത്രീകരണം പൂർത്തിയാക്കുക.ഇത് വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്

വിലയിരുത്തൽ

ആശയ ചിത്രീകരണം പൂർത്തിയാക്കിയപ്പോൾ നേരിട്ട ബുദ്ധിമുട്ടുകൾ

കൂടുതൽ രോഗാണു വാഹകരെയും അവ പരത്തുന്ന രോഗങ്ങളെയും വിശദീകരിക്കാൻ സാധിക്കുന്നുണ്ടോ?

രോഗാണുവാഹകരിൽ നിന്നല്ലാതെ സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധം വിശദീകരിക്കാൻ കഴിയുന്നുണ്ടോ?

ക്രോഡീകരണം

സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്നത് മണ്ണ് വായു ജലം ഭക്ഷണം എന്നിവ വഴിയാണ്.

രോഗകാരികളായ സൂക്ഷ്മജീവികളെ നമ്മുടെ ശരീരത്തിലേക്ക് എത്തിക്കുന്ന രോഗാണു വാഹകരായ ജീവികളിൽ ഈച്ച,കൊതുക്,വവ്വാൽ,പക്ഷികൾ എന്നിവയെല്ലാം ഉൾപ്പെടുന്നു.മനുഷ്യരും രോഗാണു വാഹകരാണ്.

മോഡ്യൂൾ 3 5 പിരീയഡ്

പഠന ലക്ഷ്യം

- നിരീക്ഷണം, വിശകലനം എന്നിവയിലൂടെ രോഗാണുവാഹകർ പെരുക്കുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും നിർമാർജനമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും കഴിയുന്നു.

മുന്നറിവ്

- ഈച്ച ,കൊതുക് , വവ്വാൽ, പക്ഷികൾ തുടങ്ങിയവരൊക്കെ രോഗാണു വാഹകരായി പ്രവർത്തിക്കുന്നുണ്ട് .
- പരിസരം ശുചിയായി സൂക്ഷിച്ചില്ലെങ്കിൽ രോഗാണു വാഹകരായ ജീവികളുടെ എണ്ണം കൂടുകയും രോഗങ്ങൾ പെരുകുകയും ചെയ്യും.
- ഡ്രൈ ഡേ ആചരണത്തിന്റെ പ്രാധാന്യം മുൻ ക്ലാസിൽ പഠിച്ചിട്ടുണ്ട്

ആശയങ്ങൾ

- രോഗാണുവാഹകർ പെരുകുന്ന സാഹചര്യങ്ങൾ കണ്ടെത്തുന്നു.

- കൊതുക് പെരുകുന്നത് തടയാനുള്ള മാർഗങ്ങളും കൊതുക് കടിയിൽ നിന്നും രക്ഷ നേടാനുള്ള മുൻകരുതലുകളും.
- ആഹാരം, ,ജലം, വായു, മണ്ണ്, സമ്പർക്കം എന്നിവയിലൂടെ പകരുന്ന രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
- പകർച്ചവ്യാധികൾ മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഉണ്ടാകുന്നു.
- ശുചിത്വ ശീലങ്ങൾ പാലിക്കണം.

ശേഷികൾ നൈപുണികൾ

നിരീക്ഷണം ദത്തങ്ങൾ ശേഖരിക്കൽ വിശകലനം ചെയ്യൽ പട്ടികപ്പെടുത്തൽ

- കാർട്ടൂൺ നിരീക്ഷണം പരിസര നിരീക്ഷണം എന്നിവയിലൂടെ രോഗാണു വാഹകൻ പെരുകുന്ന സാഹചര്യം കണ്ടെത്തുകയും ദത്തങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും പട്ടികപ്പെടുത്തുകയും ചെയ്യുന്നു
- നിരീക്ഷണത്തിലൂടെ സസ്യങ്ങൾക്കും ജന്തുക്കൾക്കും ഉണ്ടാകുന്ന രോഗങ്ങൾ കണ്ടെത്താൻ സാധിക്കുന്നു.

പ്രശ്നപരിഹാരം കണ്ടെത്തുന്നു.

കൊതുക് പെരുകുന്ന സാഹചര്യങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.
കൊതുക് കടിയിൽ നിന്നും രക്ഷനേടാനുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നു

തീരുമാനമെടുക്കൽ

പകർച്ചവ്യാധികൾ പിടിപെടാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ നടപ്പിലാക്കാൻ തീരുമാനമെടുക്കുന്നു.

ആരോഗ്യകരമായ ജീവിതത്തിന് പരിസര ശുചിത്വം വ്യക്തി ശുചിത്വം എന്നിവ പാലിക്കാൻ തീരുമാനമെടുക്കുന്നു

നിഗമനത്തിൽ എത്തിച്ചേരൽ

ശരിയായ ആരോഗ്യത്തിന് വ്യക്തി ശുചിത്വം പോലെ തന്നെ പ്രധാനമാണ് പരിസര ശുചിത്വവും എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു

മൂല്യം മനോഭാവം

രോഗാണു വാഹകരായ ജീവികളെ അകറ്റി നിർത്താനുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക

ആരോഗ്യകരമായ ജീവിതത്തിന് വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഒരേപോലെ പ്രധാനപ്പെട്ടതാണ് അതിനാൽ പരിസര ശുചിത്വം വ്യക്തി ശുചിത്വം എന്നിവ പാലിക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

ആവശ്യമായ സാമഗ്രികൾ

മലിനമായ പരിസരം കാണിക്കുന്നചിത്രങ്ങൾ ,വീഡിയോകൾ.

കാർട്ടൂൺ,ചിത്രീകരണം(TB 2.4,2.6)

ക്രോഡീകരണ ചാർട്ട് - രോഗാണുവാഹകർ , അവ പെരുകുന്ന സാഹചര്യം

പട്ടിക-രോഗങ്ങളും അവ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും

പത്ര കട്ടിങ്ങുകൾ , പകർച്ചവ്യാധികൾ മൃഗങ്ങളിലും സസ്യങ്ങളിലും ചിത്രങ്ങൾ, വീഡിയോകൾ)

പകർച്ചവ്യാധികൾ ബാധിച്ച സസ്യ ഭാഗങ്ങൾ

ശുചിത്വ ശീലങ്ങൾ -ചിത്രങ്ങൾ,വീഡിയോ , ചാർട്ട്, കാർട്ടൂൺ

ഉൽപ്പന്നങ്ങൾ

Draft

പൂർത്തിയാക്കിയ പട്ടികകൾ

ചർച്ചയിലൂടെ രൂപപ്പെട്ട കുറിപ്പുകൾ

വ്യക്തി ശുചിത്വം പരിസര ശുചിത്വം പോസ്റ്ററുകൾ

അറിവ് നിർമ്മാണ ഘട്ടത്തിലൂടെയുള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ നോട്ടുബുക്ക്

പഠന പ്രവർത്തനങ്ങൾ

പ്രവർത്തനം 1

ചിത്രങ്ങൾ,വീഡിയോകൾ തുടങ്ങി വ്യത്യസ്ത സാധ്യതകൾ ഉപയോഗിച്ച് മലിനമായ സാഹചര്യത്തിൽ രോഗാണുവാഹകർ പെരുകുന്നതെങ്ങനെയെന്ന് കാണിക്കാവുന്നതാണ്. പരിസര നിരീക്ഷണത്തിൽ കൂടിയും കുട്ടികൾ വിവരങ്ങൾ ശേഖരിക്കാൻ അവസരം ഒരുക്കുക. രോഗാണുവാഹകരെയും അവ പെരുകുന്ന സാഹചര്യങ്ങളും കണ്ടെത്തട്ടെ.കണ്ടെത്തലുകൾ കുട്ടികൾ വ്യക്തിഗതമായി രേഖപ്പെടുത്തട്ടെ. ശേഷം ക്ലാസിൽ അവതരണം നടത്തി പാഠപുസ്തകത്തിലെ പട്ടിക 2.2 മെച്ചപ്പെടുത്താവുന്നതാണ്.

ഇവയുടെ നിയന്ത്രണ മാർഗങ്ങൾ കണ്ടെത്തി അവ തന്റെ ചുറ്റുപാടിൽ പ്രാവർത്തികമാക്കാൻ വ്യക്തിയും സമൂഹവും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച നടത്താവുന്നതാണ്.

വിലയിരുത്തൽ

രോഗാണുവാഹകർ പെരുകുന്ന സാഹചര്യങ്ങളും അവയുടെ നിയന്ത്രണ മാർഗങ്ങൾ കണ്ടെത്തുന്നതിലും നേരിട്ട ബുദ്ധിമുട്ട്

പട്ടിക 2.2 വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്.

വർക്ക് ഷീറ്റ്

രോഗാണു വാഹകരുടെ പെരുകൽ നിയന്ത്രിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എടുത്ത് എഴുതുക

1.ഡസ്റ്റ് ബിന്നുകൾ അടച്ച് സൂക്ഷിക്കുക.

2.വീട് മാത്രം ശുചിയായി സൂക്ഷിച്ചാൽ മതിയാകും.

2.ജലം കെട്ടി നിൽക്കാൻ സാധ്യതയുള്ള അവസരങ്ങൾ ഉണ്ടാക്കാതിരിക്കുക.

3.ഉപേക്ഷിച്ച പ്ലാസ്റ്റിക് കവറുകളും കുപ്പികളുംപരിസരങ്ങളിൽ വലിച്ചെറിയുക.

4. മാലിന്യങ്ങൾ പൊതു ഇടങ്ങളിലേക്ക് വലിച്ചെറിയാതിരിക്കുക.

5.ഓടകൾ വൃത്തിയാക്കൽ നമ്മുടെ ഉത്തരവാദിത്വം അല്ല.

പ്രവർത്തനം 2

കൊതുകിനെ നിയന്ത്രിക്കാം.

മുൻ പ്രവർത്തനങ്ങളിൽ നിന്നും നിന്നും കൊതുക് വളരുന്ന സാഹചര്യങ്ങളും അവയെ നശിപ്പിച്ചാൽ തടയാവുന്ന രോഗങ്ങളും കുട്ടികൾ കണ്ടെത്തട്ടെ. കൊതുകിനെ

നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ക്ലാസിൽ ചർച്ച നടത്തുക.

കൊതുകിനെ നശിപ്പിച്ചാൽ ധാരാളം രോഗങ്ങളിൽ നിന്നും നമുക്ക് രക്ഷനേടാം എന്ന കണ്ടെത്തലിലേക്ക് നയിക്കുന്നതാവണം ചർച്ച.

ഫീൽഡ് ട്രിപ്പ്

Draft

കൊതുകുകൾ മുട്ടയിട്ടു വളരുവാൻ അനുകൂലമായ സാഹചര്യങ്ങൾ സ്കൂളിൻറെ ചുറ്റുപാടിൽ ഉണ്ടോ എന്ന് കണ്ടെത്താനായി ഒരു ഫീൽഡ് ട്രി പ്പ് നടത്താവുന്നതാണ്.ഫീൽഡ് ട്രിപ്പിന് വേണ്ടത്ര ഹാൻഡ് ലെൻസുകൾ കരുതണം .നിരീക്ഷിച്ച കാര്യങ്ങൾ രേഖപ്പെടുത്താനുള്ള ഫോർമാറ്റുകൾ ക്ലാസിൽ വച്ച് പൊതു ചർച്ചയിലൂടെ രൂപപ്പെടണം . ഫീൽഡ് ട്രിപ്പ് സമയത്ത് കുട്ടികൾ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുകയും പിന്നീട് കുറിപ്പ് തയ്യാറാക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യട്ടെ. ഇത് വിലയിരുത്തതിന് വിധേയമാക്കാവുന്നതാണ്.

മുൻ ക്ലാസ്സിൽ കുട്ടി പഠിച്ച ഡ്രൈഡേ ആചരണം പങ്കുവയ്ക്കാവുന്നതാണ്.

ഡ്രൈഡേ ആചരണം (കുറിപ്പ്)

കൊതുക്ജന്യരോഗങ്ങളുടെ ഭീഷണിയുള്ള സാഹചര്യത്തിൽ കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ വീടുകളിലും പരിസരങ്ങളിലും സ്ഥാപനങ്ങളിലും നടത്തി കൊതുക് വളരാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുകയാണ് ലക്ഷ്യം.കൊതുക് മുട്ടയിടാൻ സാധ്യതയുള്ള ചിരട്ട , കളിപ്പാട്ടങ്ങൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, മുട്ടത്തോട്, ചെടിച്ചട്ടിക്കടിയിലെ പാത്രം, ടെറസ് , ടയർ തുടങ്ങി ജലം കെട്ടി നിൽക്കാൻ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലേയും കെട്ടിനിൽക്കുന്ന ജലം ആഴ്ചയിലൊരിക്കൽ ഒഴിവാക്കണം.

ഒരു പ്രദേശത്തെ ആളുകൾ ഒന്നിച്ച് ഒരേ ദിവസം ഈ പ്രവർത്തനം ചെയ്താൽ ഇത് കൂടുതൽ ഫലപ്രദമാകും.

കൊതുകുകടിയിൽ നിന്നും രക്ഷ നേടുന്നതിനായി ഓരോരുത്തരും സ്വീകരിക്കുന്ന മാർഗങ്ങളെക്കുറിച്ച് ക്ലാസ്സിൽ പങ്കു വെക്കട്ടെ.

പാഠപുസ്തകത്തിലെ ചിത്രീകരണം2.6 ഉം ഉപയോഗി ക്കാവുന്നതാണ്.എല്ലാവരും പങ്കുവെച്ച കാര്യങ്ങൾ ക്രോഡീകരിച്ച് കൊതുകു കടിയിൽ നിന്നും രക്ഷനേടാൻ നമുക്ക് സ്വീകരിക്കാവുന്ന മുൻകരുതലുകൾ ഏതെല്ലാമെന്ന് കുറിപ്പ് തയ്യാറാക്കട്ടെ.

രോഗങ്ങൾ വരാതിരിക്കാനുള്ള മറ്റു ചില കാര്യങ്ങൾ കൂടി ചർച്ച ചെയ്യേണ്ടതാണ്.

രോഗങ്ങൾ പകരുന്ന രീതികൾ കുട്ടികൾ പഠിച്ചു കഴിഞ്ഞല്ലോ.എങ്കിൽ ഈ രോഗങ്ങൾ പകരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ആണ് എന്ന പ്രശ്നം ക്ലാസ്സിൽ ഉന്നയിക്കാവുന്നതാണ്

ഈ ഭാഗത്ത് ഗ്രൂപ്പ് പ്രവർത്തനം നടത്താവുന്നതാണ്.കുട്ടികളെ മൂന്ന് ഗ്രൂപ്പുകൾ ആക്കി പട്ടിക 2.3 ലെപ്രവർത്തനം നൽകുക.ഗ്രൂപ്പ് ഒന്ന് ആഹാരത്തിലൂടെയും ജലത്തിലൂടെയും പകരുന്ന രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഗ്രൂപ്പ് രണ്ട് വായുവിലൂടെയും സമ്പർക്കത്തിലൂടെയും പകരുന്ന രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഗ്രൂപ്പ് മൂന്ന് മണ്ണിലൂടെയും മലിനജലത്തിലൂടെയും പകരുന്ന രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ചർച്ചചെയ്ത് രേഖപ്പെടുത്തട്ടെ.ചർച്ചയിൽ രൂപപ്പെട്ട വിവരങ്ങൾ ക്ലാസ്സിൽ പൊതു അവതരണം നടത്തട്ടെ.ഈ അവസരത്തിൽ കൂട്ടിച്ചേർക്കലുകളും മെച്ചപ്പെടുത്തലുകളും വിലയിരുത്തലുകളും നടത്താവുന്നതാണ്

പട്ടിക 2.3 പ്രയോജനപ്പെടുത്താവുന്നതാണ്.

വിലയിരുത്തൽ

രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾകണ്ടെത്താൻ സാധിച്ചിട്ടുണ്ടോ?

രോഗാണു വാഹകരെ നിയന്ത്രിക്കാൻ സ്വീകരിക്കേണ്ട മാർഗങ്ങൾ കണ്ടെത്തുന്നതിൽ നേരിട്ട ബുദ്ധിമുട്ട്.

കൊതുകുകടി ഏൽക്കാതിരിക്കാൻ ഉള്ള മുൻകരുതലുകൾ ഉൾപ്പെടുത്തിയ കുറിപ്പ് തയ്യാറാക്കിയപ്പോൾ നേരിട്ടബുദ്ധിമുട്ട്

ഗ്രൂപ്പ് പ്രവർത്തനത്തിലെ പങ്കാളിത്തവും അവതരണവും

ക്രോഡീകരണം

Draft

പരിസര ശുചിത്വം പാലിക്കുന്നതിലൂടെ രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കാനും അതിലൂടെ രോഗങ്ങൾ നിയന്ത്രിക്കാനും സാധിക്കും.കൊതുക് മൂലം ധാരാളം രോഗങ്ങൾ ഉണ്ടാകുന്നതിനാൽ ഇവയുടെ വളർച്ചയെ നിയന്ത്രിക്കുകയും കൊതുക് കടിയിൽ നിന്ന് രക്ഷനേടാനുള്ള മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യണം.

രോഗങ്ങൾ പകരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പാലിക്കേണ്ടതാണ്.

പ്രവർത്തനം 3

പകർച്ചവ്യാധികൾ ബാധിച്ച സസ്യ ഭാഗങ്ങൾ അല്ലങ്കിൽ ചിത്രങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാവുന്നതാണ്. ഇതേപോലെ കുട്ടികളുടെ ചുറ്റുപാടിൽ കണ്ടിട്ടുള്ള പകർച്ച വ്യാധികൾ പിടിപെട്ട സസ്യങ്ങളുടെയും ജന്തുക്കളുടെയും പേരുകൾ എഴുതട്ടെ. പകർച്ചവ്യാധികൾ ബാധിച്ച സസ്യങ്ങളുടെയും മൃഗങ്ങളുടെയും വീഡിയോകൾ, ചിത്രങ്ങൾ എന്നിവയും പത്രവാർത്തകളും കുട്ടികൾക്ക് കാണാനുള്ള അവസരം ഒരുക്കുക. ചിത്രീകരണം 2.7 ഉം ചിത്രം 2.4 ഉം നിരീക്ഷിച്ച് വിശകലനം ചെയ്യട്ടെ. സസ്യങ്ങളെയുംജന്തുക്കളെയുംബാധിക്കുന്ന രോഗങ്ങൾ പട്ടികപ്പെടുത്തൽ, അവതരണം,മെച്ചപ്പെടുത്തൽ,വിലയിരുത്തൽ എന്നിവ നടക്കണം.

ക്രോഡീകരണം

പകർച്ചവ്യാധികൾ മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഉണ്ടാവുന്നുണ്ട്

ടീച്ചർ അറിയാൻ

പകർച്ചവ്യാധികൾ ജന്തുക്കളിൽ

ജീവി	രോഗം
പക്ഷികൾ	പക്ഷിപ്പനി
പശു, ആട്	ആന്ത്രാക്സ്
നായ, പൂച്ച	പേ വിഷബാധ
വവ്വാൽ	നിപ്പ
കന്നുകാലികൾ	കുളമ്പ് രോഗം

പകർച്ചവ്യാധികൾ സസ്യങ്ങളിൽ

സസ്യങ്ങൾ	രോഗങ്ങൾ
തെങ്ങ്	കൂമ്പ് ചീയൽ
നെല്ല്	തവിട്ട് ഇലപ്പുള്ളി
പയർ ചെടി	മൊസൈക്ക് രോഗം
വാഴ	കുറുനാമ്പ് രോഗം(കുമ്പടപ്പ്)
തക്കാളി	വാട്ടരോഗം
പച്ചക്കറികൾ	പൂപ്പൽ

പ്രവർത്തനം 4

ശുചിത്വ ശീലങ്ങൾ

ഓരോ കുട്ടിയും ശുചിത്വമുള്ളവരാണോ എന്ന് എങ്ങനെയെല്ലാം കണ്ടെത്താം.ഇതിന് കുട്ടികൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ശാസ്ത്രപുസ്തകത്തിൽ എഴുതട്ടെ.തുടർന്ന് ശുചിത്വ ശീലങ്ങൾ അടങ്ങിയ വീഡിയോ പ്രദർശിപ്പിക്കാവുന്നതാണ്.പാഠപുസ്തകത്തിൽ നൽകിയ ചിത്രീകരണം 2.8 വിശകലനം ചെയ്യട്ടെ.ആരോഗ്യകരമായ ജീവിതത്തിന് വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ചർച്ച നടത്താവുന്നതാണ്.

Draft

എൻറെ ആരോഗ്യ ശുചിത്വ ശീലങ്ങൾ എന്ന തലക്കെട്ടിൽ ഒരു കുറിപ്പ് കുട്ടി തയ്യാറാക്കട്ടെ.

വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കിക്ലാസ്സിൽ അവതരിപ്പിക്കട്ടെ.

മൊഡ്യൂൾ 4 പീരീഡ് :4

പഠന ലക്ഷ്യം

- വിവരശേഖരണം,വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പ്രതിരോധിക്കാനും ചെറുക്കാനും ഉള്ള മാർഗങ്ങളെക്കുറിച്ച് വിശദീകരിക്കാനുംരോഗപ്രതിരോധത്തിന് ആരോഗ്യവകുപ്പ് നൽകുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുകയും ചെയ്യുന്നുൻ കഴിയുന്നു.

മുന്നറിവ്

- ചില അവസരങ്ങളിൽ പനി എല്ലാവർക്കും പിടിപെടാറുണ്ട്.
- കൊച്ചു കുട്ടികൾക്ക് ഓറൽ പോളിയോ വാക്സിൻ നൽകാറുണ്ട്

ആശയങ്ങൾ

- സ്വാഭാവികരോഗപ്രതിരോധ ശേഷി.
- ആർജിത രോഗ പ്രതിരോധശേഷി
- പ്രതിരോധ വാക്സിനുകൾ

ശേഷികൾ നൈപുണികൾ

വിശകലനം:

- കാർട്ടൂൺ വിശകലനം

ദത്ത വിശകലനം:

- വാക്സിനേഷൻ ചാർട്ടിന്റെ വിശകലനം

നിഗമനത്തിലെത്തൽ:

- ശരിയായ അറിവും പ്രതിരോധ മാർഗങ്ങളും കൊണ്ട് രോഗങ്ങളെ അകറ്റി നിർത്താം

തീരുമാനമെടുക്കൽ:

- രോഗപ്രതിരോധത്തിന് ആരോഗ്യവകുപ്പ് നൽകുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തുക.
- രോഗപ്രതിരോധ മാർഗങ്ങളെ കുറിച്ച് ആളുകൾക്ക് ശരിയായ അറിവ് നൽകുന്നതിനായി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

മൂല്യം മനോഭാവം

- രോഗ പ്രതിരോധത്തിന് ആരോഗ്യവകുപ്പിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുക.
- രോഗപ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക

ആവശ്യമായ സാമഗ്രികൾ

- ആരോഗ്യവകുപ്പ് പ്രസിദ്ധീകരിക്കുന്ന ലഘുലേഖകൾ .
- ബോധവൽക്കരണ വീഡിയോകൾ.
- പ്രതിരോധ വാക്സിനുകളുടെ ചാർട്ടുകൾ

ഉൽപ്പന്നങ്ങൾ

Draft

- ആരോഗ്യ പ്രവർത്തകരുമായുള്ള അഭിമുഖ ചോദ്യാവലി
- പൂർത്തിയാക്കിയ പട്ടിക
- ചർച്ചയിലൂടെ രൂപപ്പെട്ട കുറിപ്പുകൾ
- രോഗപ്രതിരോധ വാക്സിൻ-ബോധവൽക്കരണ പോസ്റ്ററുകൾ
- അറിവ് നിർമ്മാണ ഘട്ടത്തിലൂടെ യുള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ നോട്ടുബുക്ക്.
- എൻറെ പ്രതിരോധ കുത്തിവെപ്പ് -ചാർട്ട്

പഠന പ്രവർത്തനങ്ങൾ

പ്രവർത്തനം 1

ചിന്തോദ്ദീപകമായഒരു ചർച്ചയിൽ കൂടി ക്ലാസ് ആരംഭിക്കാവുന്നതാണ്

ചർച്ച സൂചകങ്ങൾ

ചില പകർച്ചവ്യാധികൾ നമുക്ക് പിടിപെടാറില്ലല്ലോ.എന്താവാം കാരണം ?

കൊച്ചു കുട്ടികൾക്ക് പോളിയോ വാക്സിൻ നൽകുന്നത് എന്തിനാണ്?

നിങ്ങളിൽ 10 വയസ്സിലെ കുത്തിവെപ്പ് എടുത്തത് ആരെല്ലാം?എന്തിനാണ് രോഗം ഒന്നും ഇല്ലാത്ത അവസ്ഥയിൽ ഇങ്ങനെ നമ്മൾ വാക്സിനുകൾ എടുക്കുന്നത്?

തുടർന്ന് രോഗപ്രതിരോധശേഷി എന്ന കുറിപ്പ് കുട്ടികൾ വായിക്കട്ടെ.രോഗപ്രതിരോധ വീഡിയോകൾ,ആരോഗ്യവകുപ്പിന്റെ ലഘുലേഖകൾ എന്നിവ കുട്ടികൾക്ക് കാണുന്നതിനും വായിക്കുന്നതിനും ഉള്ള അവസരം ഒരുക്കണം.മനുഷ്യൻറെ നിലനിൽപ്പിന് ഭീഷണിയായ പല രോഗങ്ങളെയും പ്രതിരോധിച്ചത്പ്രതിരോധ കുത്തിവെപ്പുകളിൽ കൂടിയാണെന്നും ഇവ ലഭിക്കാതെ പോയാൽ മാരകമായ രോഗങ്ങൾ പിടിപെടാനുള്ള സാധ്യത വളരെ കൂടുതലാണെന്നും ടീച്ചർ ക്രോഡീകരിക്കണം.

കുട്ടികൾക്ക് പ്രതികരിക്കാനുള്ള അവസരം നൽകിക്കൊണ്ട് ചിത്രീകരണം 2.9 വിശകലനം ചെയ്യുക.രോഗപ്രതിരോധ മാർഗങ്ങളെക്കുറിച്ച് അറിയുന്നതിനായി ആരോഗ്യപ്രവർത്തകനുമായുള്ള അഭിമുഖ ചോദ്യാവലികൾ കുട്ടികൾ തയ്യാറാക്കട്ടെ. അധ്യാപികയുടെ ഇടപെടലിൽ കൂടി ചോദ്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്. കുട്ടികൾക്ക് ആരോഗ്യവകുപ്പ് നിഷ്കർഷിക്കുന്ന പ്രതിരോധ വാക്സിനുകളുടെ ചാർട്ട് (ചിത്രീകരണം 2.10)വിശകലനം ചെയ്ത് കണ്ടെത്തിയ വിവരങ്ങൾ ഉൾപ്പെടുത്തി പ്രതിരോധ വാക്സിനുകൾ എന്ന പട്ടിക (പട്ടിക 2.4) പൂർത്തിയാക്കട്ടെ. അതിനായി ചുവടെ കൊടുത്തിട്ടുള്ള ചാർട്ടും കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

തുടർന്ന് എന്റെ പ്രതിരോധ കുത്തിവെപ്പ് എന്ന പേരിൽ ഓരോ കുട്ടിയും ഓരോ ചാർട്ട് തയ്യാറാക്കട്ടെ

വാക്സിന്റെ പേര്	രോഗം
ബി.സി. ജി	ക്ഷയരോഗം
ഒ.പി. വി	പോളിയോ
ഹെപ്പറ്റൈറ്റിസ് ബി	മഞ്ഞപ്പിത്തം
എഫ്. ഐ.പി. വി	പോളിയോ
ആർ. വി. വി	ഡയേറിയ
പി. സി. വി	ന്യുമോണിയ , മെനിഞ്ചൈറ്റിസ് , രക്തത്തിലെ അണുബാധ
എം. ആർ	മീസിൽസ് ,റുബെല്ല

Draft

ഡി. പി. റ്റി	ഡിഫ്ത്തീരിയ, വില്ലൻ ചുമ,ടെറ്റനസ്
റ്റി. ഡി	ടെറ്റനസ്, ഡിഫ്ത്തീരിയ
വൈറ്റമിൻ എ	കണ്ണിൻറെ ആരോഗ്യത്തിന്

ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്ലാസിൽ ആസൂത്രണം ചെയ്യുക.

വിലയിരുത്തൽ

ചർച്ചയിലെ സജീവ പങ്കാളിത്തം

എൻറെ പ്രതിരോധ കുത്തിവെപ്പുകൾ ചാർട്ട് തയ്യാറാക്കിയപ്പോൾ കുട്ടി നേരിട്ട ബുദ്ധിമുട്ട്.

Draft